പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5166 | | 15.11.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| തിരുവനന്തപുരം കോർപ്പറേഷന്റെ മാലിന്യ ശേഖരണ നടപടികൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.കെ.എം.ഷാജി | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ജൈവ/അജൈവ മാലിന്യ ശേഖരണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; | (എ) | തിരുവനന്തപുരം നഗരസഭ പരിധിയിലെ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ജൈവ-അജൈവ -കോഴി മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി തെരഞ്ഞെടു ത്തിട്ടുളള ഏജൻസികൾ ചുവടെ ചേർക്കുന്നു.<br>**ജൈവ മാലിന്യങ്ങൾ**<br>ബത്‌ലഹേം ഏജൻസി, സെക്യൂർ മാനേജ്മെന്റ് സിസ്റ്റംസ്, സബ്ലേജ് എക്കോ സിസ്റ്റം, ക്ലീൻ &ഗ്രീൻ, മൈക്കിൾ പിഗ് ഫാം, സെന്റ് ജൂഡ് പിഗ് ഫാം, കീർത്തി പിറ്റ് കമ്പോസ്റ്റിംഗ്, മേരി മാതാ പിഗ് ഫാം, മണക്കാട് കുടുംബശ്രീ ക്ലീൻ വെൽ യൂണിറ്റ്, എക്കോ ഫാം, വീ കെയർ, എസ് ജെ ഫാം, നം.1 സപ്പോർട്ട് സിസ്റ്റംസ്, തെക്കുംകര ഫാംസ്, അന്ന പിഗ് ഫാം, ലക്ഷ്മിപുരം അഗ്രോ ഫാം, ബൈസൺവാലി അനിമൽ ഫാം & ബയോ ഫെർട്ടിലൈസർ യൂണിറ്റ്, എസ് എച്ച് പിഗ് ഫാം.<br>**കോഴിവേസ്റ്റ്**<br>എവർഗ്രീൻ കമ്പോസ്റ്റ്<br>**അജൈവ മാലിന്യങ്ങൾ**<br>കൊച്ചി പ്ലാസ്റ്റിക് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, സരോജിനി പൊന്നയ്യ ഫൗണ്ടേഷൻ, സബ്ലേജ് എക്കോ സിസ്റ്റം, വീ കെയർ. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ ഫാം നടത്തുന്ന സ്ഥാപനങ്ങൾ എത്രയുണ്ട്; ഫാം ഇല്ലാത്ത സ്ഥാപനങ്ങൾ ഈ മാലിന്യങ്ങൾ ശേഖരിച്ച് ഏത് വിധത്തിലാണ് സംസ്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 14 എണ്ണം.<br>ഫാം ഇല്ലാത്ത സ്ഥാപനങ്ങൾ പിറ്റ് കമ്പോസ്റ്റ് മുഖേന ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നു. |
| (സി) | പ്രസ്തുത എല്ലാ സ്ഥാപനങ്ങൾക്കുമായി തലസ്ഥാനത്തെ കടകൾ, ഹോട്ടലുകൾ, ക്യാന്റീനുകൾ, ബേക്കറികൾ, കല്യാണമണ്ഡപങ്ങൾ തുടങ്ങിയ എത്ര സ്ഥാപനങ്ങളാണ് ജൈവ/അജൈവ മാലിന്യങ്ങൾ നൽകുന്നതെന്ന് പറയാമോ; | (സി) | മാലിന്യങ്ങൾ ഏജൻസികൾക്ക് കൈമാറുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി തിരുവനന്തപുരം കോർപറേഷൻ സ്വീകരിച്ചുവരുന്നു. |
| (ഡി) | ജൈവ/അജൈവ മാലിന്യങ്ങൾ നൽകുന്ന സ്ഥാപനങ്ങളിൽ നിന്ന് ഒരു കിലോ മാലിന്യത്തിന് എത്ര രൂപയാണ് കോർപ്പറേഷൻ | (ഡി) | 31/10/2019 -ലെ കോർപറേഷൻ കൗൺസിൽ തീരുമാനം നമ്പർ 3 (ഡി) 15 പ്രകാരം ജൈവ മാലിന്യം കിലോ 5/- രൂപയും കോഴി മാലിന്യം കിലോ 7/- രൂപയും അജൈവ മാലിന്യം ഒരു മാസത്തേക്ക് 5 കിലോ വരെ 500/- രൂപയും |

| | | | |
|---|---|---|---|
| | ഈടാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇപ്പോൾ തീരുമാനിച്ചിട്ടുള്ള തുക വളരെ കൂടുതലാണെന്ന വ്യാപാര സ്ഥാപനങ്ങളുടെ ആക്ഷേപം പരിഗണിച്ച് തുക കുറയ്ക്കുന്നതിന് തയ്യാറാകുമോ; | | 6 മുതൽ 10 കിലോ വരെ മാസത്തിൽ 750/- രൂപയും 11 മുതൽ 20 കിലോ വരെ മാസത്തിൽ 1000/- രൂപയും 21 മുതൽ 50 കിലോ വരെ 2000/- രൂപയുമായി നിശ്ചയിച്ചിട്ടുണ്ട്. കോർപറേഷൻ കൗൺസിൽ തീരുമാനമെടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ മേൽ പറഞ്ഞ നിരക്കുകൾ കോർപറേഷന് ഭേദഗതി ചെയ്യാവുന്നതാണ്. |
| (ഇ) | ജൈവ/അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നവയിൽ കേരളത്തിനകത്തല്ലാത്ത ഫാമുകളോ സ്ഥാപനങ്ങളോ ഉണ്ടോ; ഫാമുകൾ ഇല്ലാത്ത സ്ഥാപനങ്ങൾ മാലിന്യങ്ങൾ ശേഖരിച്ച് തമിഴ് നാട്ടിലേയ്ക്ക് കടത്തുവാനുള്ള ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ഉണ്ട്.<br>അനധികൃതമായി മാലിന്യങ്ങൾ ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | ഇത്തരത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ പൊതു ഇടങ്ങളിൽ നിക്ഷേപിക്കപ്പെടുന്നില്ലെന്ന് ഉറപ്പവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ; മാലിന്യങ്ങൾ നൽകുന്ന ഓരോ സ്ഥാപനങ്ങളും ദിനംപ്രതി എത്ര കിലോ മാലിന്യം ലഭ്യമാക്കും എന്ന കണക്ക് കോർപ്പറേഷൻ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എഫ്) | നഗരസഭയുടെ രാത്രികാല ഹെൽത്ത് സ്ക്വാഡ് പരിശോധന നടത്തുന്നുണ്ട്. സ്ഥാപനങ്ങൾ ദിനംപ്രതി നൽകുന്ന മാലിന്യങ്ങളുടെ അളവ് കണക്കാക്കുന്നതിനുള്ള നടപടികൾ കോർപറേഷൻ സ്വീകരിച്ച് വരുന്നു. |
| (ജി) | മാലിന്യം ശേഖരിക്കുന്നതിനായി തെരഞ്ഞെടുത്തിരിക്കുന്ന ഫാമുകൾക്ക് മതിയായ അളവിൽ ജൈവ മാലിന്യങ്ങൾ ലഭ്യമാക്കാത്തപക്ഷം സ്ഥാപനങ്ങളുടെ ലിസ്റ്റ് പുന:ക്രമീകരിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എന്നുമുതൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനാണ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ജി) | തിരുവനന്തപുരം നഗരസഭ കൗൺസിൽ തീരുമാനിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ